(സി) കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം ശിക്ഷകളാണ് പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നത് ;

(ഡി) ഇത് സംബന്ധിച്ച നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വിശദാംശം സഹിതം വ്യക്തമാക്കാമോ ?

ആഭ്യന്തവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ-ഡി) സ്ത്രീ സുരക്ഷയ്ക്കാവശ്യമായ നിയമങ്ങളും വ്യവസ്ഥകളും ഇന്ന് നിലവിലുണ്ട്. കൂടുതലായുള്ള നിയമനിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

എയർ കേരള പദ്ധതി

18 (*168) ശ്രീ. കോവൂർ കുഞ്ഞുമോൻ :

ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയർ കേരള പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി ;

(ബി) പദ്ധതിക്കാവശ്യമായ തുക എങ്ങനെയാണ് കണ്ടെത്തുക ;

(സി) പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാക്കുമെന്ന് വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) പ്രവാസി മലയാളികൾ പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്ന പ്രവാസി മലയാളികളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് സർക്കാരിന്റെ പങ്കാളിത്തത്തോടെ ഒരു ബഡ്ജറ്റ് എയർലൈൻ മുഖാന്തരം കുറഞ്ഞ ചെലവിലുള്ള യാത്രാസൗകര്യം ഏർപ്പെടുത്തുക എന്ന ഉദ്ദേശലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 'എയർ കേരള' എന്ന പദ്ധതി എയർ കേരള ഇന്റർനാഷണൽ സർവ്വീസ് കമ്പനി മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ കമ്പനിയുടെ ബോർഡ്, ഏണസ്റ്റ് & യംഗ് എന്ന കൺസൾട്ടന്റ് സമർപ്പിച്ച പദ്ധതി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി അന്താരാഷ്ട്രമേഖലയിൽ പ്രവർത്തിക്കാൻ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചശേഷം എയർകേരള എയർലൈൻ സർവ്വീസ് ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പരിചയവും, 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. കമ്പനിക്ക് പ്രവർത്തനം ആരംഭിക്കാൻ ഈ വ്യവസ്ഥകൾ ഇളവു ചെയ്ത് നല്കണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) കേന്ദ്ര സർക്കാരിൽ നിന്നും പ്രസ്തുത ഇളവുകൾ ലഭിക്കുന്ന മുറയ്ക്കേ ഇക്കാര്യങ്ങൾ തീരുമാനിക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly